**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.1384 | **06/02/2020 ൽ മറുപടിക്ക്**

**ഭാഗാധാരവും പോക്കുവരവും റദ്ദാക്കണമെന്ന ആവശ്യം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.ഇ.ചന്ദ്രശേഖരൻ** |
| | **(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | വേണ്ടത്ര സാക്ഷികൾ ഇല്ലാതെയും ആൾമാറാട്ടം നടത്തിയും തയ്യാറാക്കിയ ഭാഗാധാരവും പോക്കുവരവും റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ഓമനഅമ്മ (പെറ്റീഷൻ നമ്പർ 220164/2019) നൽകിയ പരാതിയിൽ പാങ്ങപ്പാറ വില്ലേജ് ഓഫീസർ വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പ്രസ്തുത വിഷയത്തിൽ പാങ്ങപ്പാറ വില്ലേജ് ഓഫീസർ തിരുവനന്തപുരം തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭൂരേഖാ തഹസീൽദാർ ഈ പരാതി സംബന്ധിച്ച് എന്തെല്ലാം തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ആധാരത്തിൽ പതിപ്പിച്ചിട്ടുള്ള വിരലടയാളവും ഒപ്പും വ്യാജമാണോ എന്നതിന്റെ സാങ്കേതികത്വം പരിശോധിക്കുന്നതിന് വില്ലേജാഫീസറോ തഹസിൽദാരോ അധികാരപ്പെട്ട ഉദ്യോഗസ്ഥരല്ലാത്തതിനാൽ ആൾമാറാട്ടം നടത്തിയാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ അടിയന്തിരമായി ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യുന്നതിന് പോലീസിൽ പരാതി കൊടുക്കുന്നതിനും, ആധാരം റദ്ദ് ചെയ്യുന്നതിന് സിവിൽ കോടതിയെ സമീപിക്കുന്നതിനും തിരുവനന്തപുരം തഹസിൽദാർ (ഭൂരേഖ) 01/02/2020 ൽ പരാതി കക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

H1-5869/19

708/19

വില്ലേജ് ഓഫീസ്
പാങ്ങപ്പാറ
23/12/19

താലൂക്ക് ഓഫീസിലേക്ക് റിപ്പോർട്ട്

സർ,

വിഷയം: വ്യാജാധാരം റദ്ദ് ചെയ്യുന്നതിനായി ശ്രീമതി ഓമനയമ്മ സമർപ്പിച്ച പരാതി സംബന്ധിച്ച്

സൂചന: തഹസിൽദാരുടെ 11/11/19 ലെ H1/39059/19 നം. കത്തും ഉള്ളടക്കവും

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. സൂചന പ്രകാരമുള്ള കത്തും കാര്യവട്ടം എള്ളുവിള പുത്തൻ വീട്ടിൽ ടി.ഓമന അമ്മ സമർപ്പിച്ച പരാതിയും പരിശോധിച്ചതിലും ടി ദാനാധാരത്തിനാസ്പദമായ PV 956/10 നം. ഫയൽ പരിശോധിച്ചതിലും പരാതിക്കാസ്പദമായ സ്ഥലം പാങ്ങപ്പാറ വില്ലേജിൽ ബ്ലോക്ക് 16 സർവ്വേ 38/6-1-ൽ ഉൾപ്പെട്ട 04.05 ആർ സ്ഥലമാണെന്ന് കാണുന്നു. ടി സ്ഥലം 16969-10 നം തണ്ടപ്പേർ പ്രകാരം പാങ്ങപ്പാറ വില്ലേജ് പേരൂർ മുറിയിൽ വിയാറ്റുകോണത്ത് രേവതി ഭവനിൽ കൊച്ചുപിള്ള മകൻ കരുണാകരൻ നായരും: ഭാര്യ ഓമനയും പേരിൽ ഉടമസ്ഥരായിരുന്നതും ടി സ്ഥലം 2/12/2010-ലെ 3785/10 നം ദാനാധാര പ്രകാരം പരാതിക്കാരിയായ ഓമനയമ്മ ടിയാളുടെ മക്കളു-

അനിതകുമാരിയുടെ പേരിൽ 3.35 ആർ
സ്ഥലവും മകനായ കെ. വേണുസുദനന്
പേരിൽ 70 ചമീ സ്ഥലവും എഴുതി
നൽകിയിട്ടുള്ളതായും ആയത് 956/10
നം. പോക്കുവരവ് ഫയൽ പ്രകാരം
BL16 resy 38/6-1-1 ആയി 70 ചമീ
സ്ഥലം 26198-10 നം. തണ്ടപ്പേരിലും
BL16 resy 38/6-1 ആയി 3.35 ആർ
സ്ഥലം 26199-10 നം തണ്ടപ്പേരിലും
ചേർത്തിട്ടുള്ളതായും 26198-10 നം
തണ്ടപ്പേർ കരം 2016-17 സാമ്പത്തിക
വർഷം വരെ നികുതി അടച്ചിട്ടുള്ളതും
ആയതിനു ശേഷം ടി സ്ഥലം അനിത
കുമാരി പേരിൽ കൈമാറ്റം ചെയ്തിട്ടു-
ള്ളതായും കാണുന്നു. നിലവിൽ ടി
04.05 ആർ സ്ഥലം പൂർണ്ണമായും
അനിതകുമാരിയുടെ പേരിൽ TP 26199
TP 31514 എന്നിവ പ്രകാരം രേഖപ്പെടു-
ത്തി കാണുന്നതായും ഭൂനികുതി അടച്ചു
വരുന്നതായും കാണുന്നു. 16969-10 നമ്പറായ
തണ്ടപ്പേർ കക്ഷിയിൽ, ആധാരമായ
കഴക്കൂട്ടം SRO മുമ്പാകെ നടത്തിയ
2/12/10 ലെ 3785/10 നം ആധാരം-
ത്തിൽ ടിയാരുടെ ഒപ്പും വിരലടയാളവും.
രേഖപ്പെടുത്തിയതായി കാണുന്നു.
ആയതിനാൽ ടി ആധാരം വ്യാജമാണോ-
യെന്ന് അറിയാൻ സാധിക്കുന്നില്ല.

നിങ്ങളുടെ പ്ര.. കരട് തയ്യാറാക്കി ... വില്ലേജ്

സമർപ്പിച്ച ബാധ്യതാമായതിനാൽ

ഓഫീസിൽ നിന്നും നിയമപരമായ നടപടികൾ

സ്വീകരിച്ചിട്ടുള്ളതായി കാണുന്ന വിവരം 956/10-18

നം അസ്സൽ പോക്കുവരവ് ഫയലും സഹിതം

തണ്ടപ്പേരും ഉൾപ്പടെ വിശദം റിപ്പോർട്ട് ചെയ്യുന്നു

l.com

വിശ്വസ്തതയോടെ

[signature]

VILLAGE OFFICER
.ANGAPPARA

[signature]

[illegible]